പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 725

28.02.2017 - ൽ മറുപടിക്ക്

# കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ

ചോദ്യം

ശ്രീ.വി.ഡി.സതീശൻ
,, അനൂപ് ജേക്കബ്
,, എം. വിൻസെന്റ്
,, സണ്ണി ജോസഫ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൺസ്യൂമർഫെഡിന്റെ മദ്യം വിൽക്കുന്ന ഔട്ട്ലെറ്റുകൾ പ്രീമിയം ബ്രാന്റുകൾ ലഭ്യമാകുന്ന സ്വയംസേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | വിദേശ മദ്യഷോപ്പുകളുടെ മുന്നിൽ ജനം കൂടി നിൽക്കുന്നത് പൊതുജനങ്ങൾക്കും ട്രാഫിക്കിനും തടസ്സമുണ്ടാകുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥല സൗകര്യങ്ങളുള്ള ഷോപ്പുകൾ രൂപീകരിച്ച്, ഉപഭോക്താക്കൾക്ക് നേരിട്ട് സാധനങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ കൺസ്യൂമർഫെഡ് തീരുമാനിച്ചിട്ടുണ്ട്. ഇത്തരം കൗണ്ടറുകളിൽ പ്രീമിയം ഇനങ്ങൾ ഉൾപ്പെടുത്തി സെൽഫ് സർവ്വീസ് കൗണ്ടർ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ കൺസ്യൂമർഫെഡിന്റെ എത്ര ഔട്ട്ലെറ്റുകൾ സ്വയം സേവന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ടെന്നും ഇതുമൂലം കൺസ്യൂമർഫെഡിന്റെ വിറ്റുവരവിൽ 2016-17 കാലയളവിൽ ഇതുവരെ ശരാശരി എത്ര കോടി രൂപയുടെ വരുമാന വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | നിലവിൽ കൺസ്യൂമർഫെഡിന്റെ 7 ഔട്ട്ലെറ്റുകൾ സ്വയം സേവന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ട്. കൺസ്യൂമർഫെഡിന്റെ 2016-17 കാലയളവിലെ വിറ്റുവരവിൽ മുൻ വർഷത്തെക്കാൾ ശരാശരി 60.33 കോടി രൂപയുടെ വിൽപ്പന വർദ്ധനവും 7.04 കോടി രൂപയുടെ വരുമാന വർദ്ധനവും ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം സ്വയംസേവന കേന്ദ്രങ്ങൾ മദ്യ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഇടയാക്കും എന്ന ആക്ഷേപം ശരിയാണോ; എങ്കിൽ ഇത്തരം പുതിയ സ്റ്റോറുകൾ അനുവദിക്കാതിരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | വിദേശ മദ്യ ഷോപ്പുകളിലെ സ്ഥലപരിമിതി മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് സ്വയം സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്. |

Renjini

സെക്ഷൻ ഓഫീസർ